ഖുത്ബ നമ്പർ
26
29-06-2012

بسم الله الرحمن الرحيم O نحمده اونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

വിവർത്തനം: സുൽത്താൻ നസീർ വാണിയമ്പലം



# ജലസ: സ്രഷ്ടാവിനോടും സ്രഷ്ടികളോടുമുള്ള കടമകൾ നിറവേറ്റുന്നതിനുള്ള പരിശീലനം

അൽഹംദുലില്ലാഹ്, ഇന്ന് ഇവിടെ അഹ്മദിയ്യാ ജമാഅത്ത് അമേരിക്കയുടെ ജലസ സാലാനാ ആരംഭിക്കുകയാണ്. എനിക്ക് രണ്ടാം തവണ ഇതിൽ പങ്കെടുക്കാൻ അവസരം ലഭിച്ചിരിക്കുന്നു. എല്ലാ വർഷവും ലോകത്തിലെ വിവിധ രാജ്യങ്ങളിൽ അവിടങ്ങളിലെ ജമാഅത്തുകൾ സംഘടിപ്പിക്കുന്ന ഈ ജലസകൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) സ്ഥാപിച്ച ജലസയെ പിന്തു ടർന്നുള്ളവയാണ്. അതിന്റെ ലക്ഷ്യം ജമാഅത്ത് അംഗങ്ങളുടെ ഇഹപരലോകങ്ങൾ മനോഹരമാക്കി തീർക്കുന്നതിന് കാരണമായിത്തീരുന്ന യഥാർത്ഥ അനുഗ്രഹങ്ങളുടെ അവകാശിക ളാക്കി അവരെ മാറ്റലായിരുന്നു. അവയെ അവർ, തങ്ങളുടെ ജീവിതത്തിന്റെ സ്ഥായിയായ ഭാഗമാക്കി ഈ അനുഗ്രഹങ്ങ ളുടെ അവകാശികളായിക്കൊണ്ടേയിരിക്കുന്നതിനു വേണ്ടി. ഈ അനുഗ്രഹങ്ങൾ യഥാർത്ഥത്തിലുള്ള തഖ്‌വ സ്വായത്തമാകുന്നതിലൂടെയാണ് ലഭ്യമാവുക. ഹദ്റത്ത് മസീഹ് മൗഊദ് (അ) ജലസയിൽ പങ്കെടുക്കുന്ന ഒരോ അഹ്മദിയിൽ നിന്നും ഈ നിലവാരം സ്വായത്തമാക്കുമെന്ന പ്രതീക്ഷയാണ് പുലർത്തിയിട്ടുള്ളത്. ഈ നിലവാരം സ്വായത്തമാക്കുന്നതിലേക്ക് ശ്രദ്ധിക്കാത്തവരോട് അവിടുന്ന് ശക്തമായ അനിഷ്ടം പ്രകടിപ്പിച്ചിട്ടുണ്ട്.

ഈ ജലസ ഒട്ടനേകം അനുഗ്രഹങ്ങളുമായി വരുന്നതോടൊപ്പം ഒരു യഥാർത്ഥ അഹ്മദിയെ സംബന്ധിച്ചെടുത്തോളം വളരെ ഭയക്കേണ്ട അവസരം കൂടിയാണ്. അല്ലാഹു അദ്ദേഹത്തിന് വർഷത്തിൽ ഒരു തവണ ഒരു പ്രത്യേക അന്തരീക്ഷത്തിൽ താമസിച്ച് കൊണ്ട് തന്റെ പരിഷ്കരണത്തിനുള്ള അവസരം നൽകി, തന്റെ ബലഹീനതകൾ ദുരീകരിക്കുന്നതിനുള്ള അവസരം നൽകി, പുതുതായ നിലയിൽ തന്റെ ഈമാനെയും വിശ്വാസത്തേയും ആത്മീയതയെയും തിളക്കമുള്ളതും സുദൃഢവുമാക്കുന്നതിന് അവസരം നൽകി. എന്നാൽ അവ സ്വായത്തമാക്കേണ്ട മുറയനുസരിച്ച് അതിനുവേണ്ടി പരിശ്രമിച്ചില്ല. അഥവാ പരിശ്രമിച്ചിട്ടുണ്ടെങ്കിൽ തന്നെ പിന്നീട് അതിനെ ഏതൊരു സ്ഥാനത്താണോ നിലനിർത്തേണ്ടിയിരുന്നത് അവിടെ നിലനിർത്താൻ സാധിച്ചില്ല. അഥവാ ജലസയുടെ അനുഗ്രഹങ്ങളെ കുറിച്ചും ബർക്കത്തുകളെകുറിച്ചും യഥാർത്ഥത്തിലുള്ള ഗ്രാഹ്യം ഒരു അഹ്മദിക്ക് ഉണ്ടായി തീരുകയും അതു സ്വായത്തമാക്കുന്നതിനായി പരിശ്രമിക്കുകയും ചെയ്താൽ, ഓരോ വർഷവും ജലസയിൽ പങ്കെടുക്കുന്നതു മൂലം ഈ അനുഗ്രഹങ്ങളെയും പരിശുദ്ധ പരിവർത്തനങ്ങളെയും സ്വരൂപിച്ച് കൊണ്ട് മുന്നോട്ട് ഗമിക്കുന്നവരായിതീരും. ഓരോ വർഷവും തഖ്‌വയിൽ പുരോഗതിയുടെ പുതിയ തലങ്ങൾ നാം ഓരോ അഹ്മദിയിലും ദർശിക്കും. പുരോഗതിയുടെ ഈ തലങ്ങൾ തന്നെയാണ് ഹദ് റത്ത് മസീഹ് മൗഊദ് (അ) നമ്മെ കാണാൻ ആഗ്രഹിക്കുന്ന സ്ഥാനത്തേക്ക് നമ്മെ എത്തിക്കുന്നത്. അതുകൊണ്ട് നാം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ആ ഹൃദയാഭിലാഷത്തിലേക്ക് ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. ഏതൊന്നാണോ ജലസയിൽ പങ്കെടുക്കുന്നവരെ കുറിച്ച് അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഉണ്ടായിരുന്നത്. ജലസ സാലാനാ സംഘടിപ്പിക്കുന്നതിലൂടെ അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഉണ്ടായിരുന്ന ലക്ഷ്യം സ്വായത്തമാക്കുന്നതിനു വേണ്ടി പരിശ്രമിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. അത് അദ്ദേഹം ഈ ലോകത്തേക്കാൾ കൂടുതൽ പര ലോകത്തെ കുറിച്ച് ശ്രദ്ധയുണ്ടാകുന്നതിന് വേണ്ടി എന്ന വാക്കുകളിൽ നിർവചിച്ചിരിക്കുന്നു. ശ്രദ്ധയുടെയും തങ്ങളുടെ സ്ഥാനങ്ങളുടെയും ഈ നിലവാരം സ്വായത്തമാകുന്നതിനായി ഹദ്റത്ത് മസീഹ് മൗഊദ്(അ) തങ്ങളിൽ തഖ്‌വ ഉണ്ടാക്കിതീർക്കുകയെന്ന കാര്യത്തിൽ വളരെയധികം ഊന്നൽ നൽകിയിട്ടുണ്ട്.

അല്ലാഹുവിനോടുള്ള കടമകളും സ്രഷ്ടികളോടുള്ള കടമകളും അല്ലാഹുവിനോടുള്ള ഭയം ഹൃദയത്തിൽ വെച്ചുകൊണ്ട് നിറവേറ്റുക എന്നതാണ് തഖ്‌വ. അല്ലാഹുവിനോടുള്ള കടമകളിൽ ഏറ്റവും വലിയ കടമ ഇബാദത്താണ്. ഇബാദത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് നമസ്കാരമാണ്. ഇതിനെകുറിച്ച് റസൂൽ തിരുമേനി (സ) പറയുകയുണ്ടായി. ഇത് ആരാധനയുടെ കഴമ്പാണ്. ഒരു യഥാർത്ഥ വിശ്വസിയുടെ ഈ നിർബന്ധകടമയെ കുറിച്ചും അല്ലാഹുവിന്റെ ഈ അവകാശത്തെക്കുറിച്ചും ഞാൻ കഴിഞ്ഞ ഖുത്ബയിൽ അൽപം വെളിച്ചം വീശിയിരുന്നു. അത് കേൾക്കാത്തവർ അത് കേൾക്കേണ്ടതാണ്. തങ്ങളുടെ ആരാധനയുടെ ഏറ്റവും ചുരുങ്ങിയത് ഈ നിലവാരമെങ്കിലും സ്വായത്ത മാക്കുന്നതിനുവേണ്ടി പരിശ്രമിക്കുക. ഈ ജലസയിൽ നിങ്ങൾക്ക് നമസ്കാരത്തിലേക്ക് ശ്രദ്ധയുണ്ടാകുമ്പോൾ, അതല്ലെങ്കിൽ സാഹചര്യം നിമിത്തം നിങ്ങൾക്ക് നമസ്കരിക്കേണ്ടിവരുന്നതു കൊണ്ടും പിന്നീട് ഇതിനെ നിങ്ങളുടെ ജീവിത

ത്തിന്റെ ഭാഗമാക്കി മാറ്റിയെടുക്കുക. ജലസയുടെ ദിവസങ്ങളിൽ പ്രത്യേകിച്ച് ഇതിനായി ദുആ ചെയ്യുക. ഇതിനു വേണ്ടി പരിശ്രമിക്കുക. അല്ലാഹു എല്ലാവർക്കും തങ്ങളുടെ ഈ നിർബന്ധ കടമയും, അല്ലാഹുവിന്റെ ഈ അവകാശവും യഥാർത്ഥരൂപത്തിൽ അനുഷ്ഠിക്കുന്നതിന് തൗഫീഖ് നൽകുമാറാകട്ടെ.

ഇവിടെ ഞാൻ ഒരു വിശദീകരണം നൽകാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ജലസയുടെ പ്രോഗ്രാമുകൾ കാരണവും വിദൂരങ്ങളിൽ നിന്നുവന്ന യാത്രക്കാരെ മാനിച്ചുകൊണ്ടും നമസ്കാരങ്ങൾ ജംആക്കിയാണ് അനുഷ്ഠിക്കുന്നത്, ഇതിന് ശരീഅത്ത് അനുവാദവും നൽകുന്നുണ്ട്. എന്നാൽ തങ്ങളുടെ വീടുകളിൽ യാതൊരു അനുപേക്ഷണീയമായ കാര്യവുമില്ലാതെ നമസ്കാരങ്ങൾ ജംആക്കുന്നതിന് യാതൊരു അനുവാദവുമില്ല. ചില വീടുകളിൽ സ്ഥിരമായി നമസ്കാരങ്ങൾ ജംആക്കി അനുഷ്ഠിക്കുന്നതു കാരണം കുട്ടികളോട് ഒരു ദിവസം എത്ര നമസ്കാരമുണ്ട് എന്നു ചോദിക്കുമ്പോൾ ചിലർ നൽകുന്ന മറുപടി മൂന്നു നമസ്കാരങ്ങൾ എന്നാണ്. ഇതിൽ നിന്നും വ്യക്തമായും മനസ്സിലാക്കാൻ സാധിക്കുന്നത് ഇത്തരം വീടുകളിൽ നമസ്കാരത്തിനുള്ള ശരിയായ സംവിധാനമില്ല എന്നാണ്. വിശുദ്ധ ഖുർആൻ അഞ്ചുനേരനമസ്കാരമാണ് ഫർളാക്കിയിരിക്കുന്നത്. റസൂൽ തിരുമേനി (സ) തന്റെ സുന്നത്തിലൂടെ നമുക്ക് അഞ്ചുനേരനമസ്കാരത്തിന്റെ സമയവും പറഞ്ഞു തന്നു. അവ എങ്ങനെ അനുഷ്ഠിക്കണമെന്നും കാണിച്ചുതരികയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ് (അ) കൂടെക്കൂടെ ഈ കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. കഴിഞ്ഞ ഖുത്ബയിൽ ഇതിന്റെ വിശദീകരണം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഉദ്ധരണികളുടെ വെളിച്ചത്തിൽ ഞാൻ ഒരു പരിധിവരെ വിവരിച്ചിരുന്നു. അതുകൊണ്ട് ഈ സുപ്രധാന നിർബന്ധകടമയിലേക്ക് വളരെയധികം ശ്രദ്ധിക്കുക. പിന്നീട് തഖ്‌വയുടെ നിലവാരം ഉയർത്തുന്നതിനുവേണ്ടി, അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിനു വേണ്ടി, കേവലം നമസ്കാരത്തിൽ മാത്രം പരിമിതപ്പെടാതെ മറിച്ച് ചില മറ്റു കാര്യങ്ങളും നിർബന്ധമാക്കപ്പെട്ടിട്ടുണ്ട്. അവ അനുഷ്ഠിക്കേണ്ടതും ആവശ്യമാണ്. അതു കൂടാതെ നഫലുകളും ഉണ്ട്. അവയും അനുഷ്ഠിക്കേണ്ടതാണ്. തങ്ങളുടെ നമസ്കാരങ്ങൾ നഫലുകളിലൂടെ അലങ്കരിക്കുക. തഹജ്ജുദുകളിലേക്കും മറ്റു നഫലുകളിലേക്കും ശ്രദ്ധിക്കുക. ഈ മൂന്നു ദിവസങ്ങളിൽ ഒരു പാട് ആളുകൾക്ക് തഹജ്ജുദുകളിലേക്ക് ശ്രദ്ധയുണ്ടാവും, അങ്ങനെ ശ്രദ്ധയുണ്ടാകുമ്പോൾ അതിനെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റിയെടുക്കുക. കാരണം ഫർളുകളിലുള്ള കുറവുകൾ നഫലുകൾ മുഖേന നികത്തപ്പെടുന്നു. നഫലുകളിൽ തഹജ്ജുദിന് വളരെയധികം പ്രാധാന്യം ഉണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ജമാഅത്തിന്റെ ശ്രദ്ധയെ ഈ ഭാഗത്തേക്ക് വളരെ കൂടുതലായി ക്ഷണിച്ചിട്ടുണ്ട്.

പറയുന്നു: നമ്മുടെ ജമാഅത്ത് തഹജ്ജുദ് നമസ്കാരം നിർബന്ധമാക്കേണ്ടതാണ്, കൂടുതൽ കഴിയില്ലെങ്കിൽ രണ്ട് റകഅത്ത് എങ്കിലും നമസ്കരിക്കുക. കാരണം ഇതിലൂടെ അദ്ദേഹത്തിന് ദുആചെയ്യാനുള്ള അവസരം എന്ത് തന്നെയായാലും ലഭിക്കും. ആ സമയത്തെ ദുആകളിൽ പ്രത്യേക സ്വാധീന ശക്തിയുണ്ടായിരിക്കും. കാരണം അത് യഥാർത്ഥത്തിലുള്ള ആവേശത്തിൽ നിന്നും വേദനയിൽ നിന്നുമാണ് ഉടലെടുക്കുന്നത്. പറയുന്നു: ഏതുവരെ ഒരു പ്രത്യേക ഉള്ളുരുക്കവും വേദനയും ഹൃദയത്തിലില്ലയോ അതുവരെ ഒരാൾ സുഖസുഷുപ്തിയിൽനിന്ന് ഉണരുകയില്ല. ഉറക്കത്തിൽ നിന്നുള്ള എഴുന്നേൽക്കൽ പ്രകടിപ്പിക്കുന്നത് മനുഷ്യൻ അല്ലാഹുവിന്റെ പ്രീതി കരസ്തമാക്കുന്നതിന് വേണ്ടിയാണ് ഈ ത്യാഗം ചെയ്യുന്നത് എന്നാണ്. പറയുന്നു: ആ സമയത്തുള്ള എഴുന്നേൽക്കൽ തന്നെ ഹൃദയത്തിൽ ഒരു വേദന ജനിപ്പിക്കുന്നു. അത് മുഖേന ദുആയിൽ വേദനയുടേയും ഉള്ളുരുക്കത്തിന്റേയും അവസ്ഥ സംജാതമാകുന്നു. ഈ വേദനയും അസ്വസ്ഥതയും തന്നെയാണ് ദുആ സ്വീകാര്യതയ്ക്ക് കാരണമായി തീരുന്നത്. ഇതാണ് തഹജ്ജുദിന്റെ പ്രാധാന്യം. ഇതിന്നായി എഴുന്നേൽക്കുന്നത് തന്നെ മനുഷ്യനിൽ ഒരു വിപ്ലവകരമായ മാറ്റം ഉണ്ടാക്കുന്നു. ഈ കാലഘട്ടത്തിലെ ലോകത്തിൽ വിവിധങ്ങളായ സ്ഥാനമാനങ്ങളുണ്ട്. അതു കാരണം ഭൂരിപക്ഷം ആളുകൾ രാത്രിയിൽ വൈകി ഉറങ്ങുന്നു. തഹജ്ജുദാകുന്ന മുജാഹത (കഠിന പ്രയത്നം) തീർച്ചയായും ഈ അവസ്ഥയിൽ തഖ്‌വയിൽ പുരോഗമിക്കുന്നതിനും പരിശുദ്ധ മാറ്റം ഉണ്ടാക്കിയെടുക്കുന്നതിനും വളരെ വലിയ ഒരു മാർഗ്ഗമാണ്. ഇബാദത്തിന്റെ ഈ ഉത്തരവാദിത്വനിർവ്വഹണം മനുഷ്യന് അല്ലാഹുവിന്റെ സാമീപ്യം നൽകുന്നതോടൊപ്പം മനുഷ്യന് തന്റെ പ്രയോജനത്തിനുള്ള ഒരു വലിയ ആയുധം കൂടിയാണ്.

അല്ലാഹുവിനോടുള്ള കടമയ്ക്ക് ശേഷം ഒരു യഥാർത്ഥ മുഅ്മിനിൽ നിക്ഷിപ്തമായ മറ്റൊരു വലിയ കടമ അവന്റെ സഹോദരങ്ങളോടുള്ള കടമകളാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മനുഷ്യത്വത്തോടുള്ള കടമകളാണ്. ആര് ഏത് സമുദായത്തിൽപ്പെട്ട ആളാണെന്നു നോക്കാതെ, ഏത് മതത്തിൽപ്പെട്ട ആളാണെന്ന് നോക്കാതെ, മനുഷ്യത്വത്തിന്റെ പേരിൽ പരസ്പരം കടമകൾ നിറവേറ്റുന്നതിനായി അല്ലാഹുവും റസൂൽ (സ) യും കൂടെക്കൂടെ ഉപദേശിച്ചിട്ടുണ്ട്. ഒരു മുഅ്മിനെ സംബന്ധിച്ച് മറ്റൊരു മുഅ്മിനിൽ അല്ലാതെയും ഒരുപാട് അവകാശങ്ങളുണ്ട്. ഇതിനെകുറിച്ച് റസൂൽ കരീം (സ) വളരെ ശക്തമായ ഭാഷയിൽ ഉപദേശിച്ചിട്ടുണ്ട്. അവ നിറവേറ്റുന്നതിനായി പരിശ്രമിക്കേണ്ടതാണ്. അതു കൊണ്ട് തന്നെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ജലസയുടെ ലക്ഷ്യങ്ങൾ വിവരിച്ചുകൊണ്ട് സൃഷ്ടികളോടുള്ള കടമകളിലേക്കും ഒരുപാട് ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. പറയുന്നു, മറ്റുള്ളവർക്കായി തങ്ങളുടെ ഹൃദയങ്ങളിൽ മൃദുലതയും, ആർദ്രതയും ജനിപ്പിക്കുക, സഹാനുഭൂതി ഉണ്ടാക്കിയെടുക്കുക. കേവലം ഈ ജലസകളിൽ മാത്രം പരിമിതപ്പെടുത്തതിരിക്കുക. മറിച്ച്, സാധാരണ ജീവിതത്തിലും അത് പ്രകടിപ്പിക്കുക. ചില അവസരങ്ങളിൽ ചെറിയ ചെറിയ കാര്യങ്ങൾ മൂലം സഹോദരൻ സഹോദരനോട് ദേഷ്യപ്പെടുന്നു, ഒരുപാട് വർഷങ്ങൾ ഇങ്ങനെ ദേഷ്യത്തിൽ കഴിച്ചു കൂട്ടുന്നത് ഞാൻ കണ്ടിട്ടുണ്ട്. പിന്നീട് ഈ അനിഷ്ടങ്ങൾ മറ്റ് ബന്ധങ്ങളിലേക്കും ട്രാൻസ്ഫറായിക്കൊണ്ടിരിക്കും.അങ്ങനെ ഈ ആർദ്രതയിലും

മൃദുലതയിലും സഹാനുഭൂതിയിലും പരസ്പരം വികാര വിചാരങ്ങളെ പരിഗണിക്കുന്നതിലും ഉള്ള കുറവുകൾ മൂലം ചില അവസരങ്ങളിൽ വീടുകളിൽ സഹാനുഭൂതിയിൽ കുറവുണ്ടാകുന്നു, സ്നേഹത്തിൽ കുറവുണ്ടാകുന്നു. അങ്ങനെ വീടുകൾ ശിഥിലമാകുന്നു. ഒരു കാലത്ത് നാം പറയാറുണ്ടായിരുന്നു പാശ്ചാത്യലോകത്ത് സ്വാതന്ത്ര്യം കാരണമാണ് വീടുകളിൽ അസമാധാനമുള്ളത്. ത്വലാക്കിന്റെ തോതും ഇവിടെ വളരെ കൂടുതലാണ്. ഭാര്യഭർത്താക്കന്മാർ ഒരാൾ മറ്റൊരാളുടെ വികാരവിചാരങ്ങളെ പരിഗണിക്കാറില്ല. മൃദുലതയോടും സ്നേഹത്തോടും ഒരു സ്റ്റേജിനു ശേഷം പരസ്പരം സംസാരിക്കുന്നത് ഇഷ്ടപ്പെടുന്നില്ല. തുടക്കത്തിൽ ഉണ്ടാകുന്ന സ്നേഹം അവസാനം ശത്രുതയിൽ ജ്വലിക്കുന്നതായിക്കാണാം. ഇതിനുള്ള കാരണം, ഇവിടെയുള്ള സാഹചര്യം കാരണം പരസ്പര വിശ്വാസം ഇല്ലാതായിതീരുന്നു. വിശ്വാസത്തിൽ കുറവുണ്ടായിക്കൊണ്ടിരിക്കുന്നു. പിന്നീട് അതിന്റെ അവസാനഫലം കുടുംബത്തിന്റെ ശിഥിലതയിൽ പുറത്തുവരുന്നു. ഇതു നമ്മെ സംബന്ധിച്ചിടത്തോളം ചിന്താർഹമായ നിമിഷമാണ്. അഹ്മദീവീടുകളിലും അസ്വസ്ഥത വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ പരിണിതഫലമെന്നോണം കുടുംബങ്ങൾ ശിഥിലമായിക്കൊണ്ടിരിക്കുന്നു. എനിക്ക് ഖസായുടേയും ജമാഅത്തിന്റെ ഇസ്ലാഹി കമ്മിറ്റികളുടെയും റിപ്പോർട്ടുകൾ വരുന്നതനുസരിച്ച് എല്ലായിടങ്ങളിലും ത്വലാക്കിന്റെയും ഖുലായുടേയും തോത് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഒരു അഹ്മദി ആർദ്രതയുടെയും മൃദുലതയുടെയും സഹാനുഭൂതിയുടെയും എല്ലാ വശങ്ങളിലും നിറഞ്ഞുനിൽക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. അതിനായി പരിശ്രമിക്കേണ്ടിയിരിക്കുന്നു. തങ്ങളുടെ ചുറ്റുപാടിനെ വിശാലമാക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. അപ്പോൾ മാത്രമേ നാം യഥാർത്ഥ അഹ്മദിക ളായിത്തീരുകയുള്ളൂ. ഈ ജലസയിൽ ഈ കാര്യങ്ങളിലേക്കും ശ്രദ്ധിക്കുകയും ഇതിന്റെ ഉന്നത നിലവാരം സ്വായത്തമാക്കുന്നതിനായി പരിശ്രമിക്കുകയും ചെയ്യുക. പിന്നീട് ഇതിൽ നിലനിൽക്കുമെന്ന പ്രതിജ്ഞയും ചെയ്യുക. നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈകളിൽ പരിപൂർണ്ണ അനുസരണത്തിന്റെ പ്രതിജ്ഞ ചെയ്തിട്ടുണ്ട് എന്ന് ഓർക്കേണ്ടതാണ്. പരിശുദ്ധമാറ്റം ഉണ്ടാക്കിയെടുക്കുന്നതിനെ കുറിച്ചും തഖ്‌വയിൽ നിലനിൽക്കുന്നതിനെ കുറിച്ചും പ്രതിജ്ഞ പുതുക്കിയിട്ടുണ്ട്. ഈ കാര്യം നാം എപ്പോഴും നമ്മുടെ മുന്നിൽ വെക്കേണ്ടതാണ്. അതല്ലെങ്കിൽ നാം ബയ്അത്തിന്റെ പ്രതിജ്ഞ നിറവേറ്റുന്നവരോ ജലസയുടെ അനുഗ്രഹങ്ങളിൽ നിന്ന് അനുഗ്രഹം സ്വായത്തമാക്കുന്നരോ ആയിരി ക്കുകയില്ല.

ജലസ നടക്കുമ്പോൾ നിങ്ങൾ സംഘഗാനങ്ങളും പദ്യങ്ങളും ചൊല്ലുന്നു. എം.ടി.എയിൽ ഇതു കാണിക്കുന്നതു കാരണം, അത് വർണ്ണശഭളമാക്കുവാൻ പരിശ്രമിക്കുന്നു, വളരെ ഉച്ചത്തിലും ശക്തിയിലും അനുഗ്രഹദിവസങ്ങളുടെ ആഗമനത്തെകുറിച്ച് സംഘഗാനങ്ങൾ ചൊല്ലുന്നു. അനുഗ്രഹദിനങ്ങളിൽനിന്നു പ്രയോജനം എടുക്കുന്നതിനായി തഖ്‌വ സ്വായത്തമാക്കേണ്ടത് അനിവാര്യമാണ്. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും അധ്യാപനങ്ങളെ പൂർണ്ണമായും അനുധാവനം ചെയ്യേണ്ടതുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് ചെയ്ത ബയ്അത്തിന്റെ പ്രതിജ്ഞ നിറവേറ്റേണ്ടതിന്റെ ആവശ്യകതയുണ്ട്. അല്ലെങ്കിൽ ദിവസങ്ങൾ തീർച്ചയായും അനുഗ്രഹങ്ങളുടേതായിരിക്കും, എന്നാൽ നമുക്ക് ഈ ദിവസങ്ങളിൽ നിന്ന് അനുഗ്രഹം സ്വായത്തമാക്കാൻ സാധിക്കുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞിട്ടുണ്ട്. ഇവിടെ നിങ്ങൾ വരികയും ഭൗതികമായ പ്രയോജനങ്ങൾ നേടേണ്ടത് നേടുകയും ചെയ്ത് തിരിച്ചു പോവുകയും ചെയ്യുന്ന തരത്തിലുള്ള കേവലം ഒരു ഭൗതികമായ മേളയല്ല ഇത്. ഇതിന്റെ യഥാർത്ഥ അനുഗ്രഹങ്ങളിൽ നിന്ന് പ്രയോജനം നേടാൻ പരിശ്രമിക്കുക. അതിനായി ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മിൽ നിന്ന് എന്താണ് ആഗ്രഹിക്കുന്നത്. ഇതിനെകുറിച്ച് ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഏതാനും വാക്കുകൾ നിങ്ങളുടെ മുമ്പിൽ കേൾപ്പിക്കാം. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഓരോ വാക്കുകളും അതനുസരിച്ച് പ്രവർത്തിക്കുന്നവർ ദൈവിക മനുഷ്യരായിത്തീരും. ഇതു തന്നെയായിരുന്നു അദ്ദേഹത്തിന്റെ ആഗമനോദ്ദേശ്യം. തന്റെ യജമാനരായ മുഹമ്മദ് മുസ്തഫാ (സ)യുടെ കാൽപ്പാടുകളെ പിന്തുടർന്നുകൊണ്ട് മനുഷ്യരെ ദൈവീക മനുഷ്യരാക്കിത്തീർക്കുക. ആദ്യമായി ഞാൻ ആ മഹാത്മാവിന്റെ വാക്കുകളിൽ അദ്ദേഹത്തിന്റെ സ്ഥാനം, അതിന്റെ പ്രാധാന്യം അദ്ദേഹത്തെ പൂർണ്ണമായും അനുസരിക്കേണ്ടതിനെ കുറിച്ചും വിവരിക്കാം.

അദ്ദേഹം പറയുന്നു: എന്റെ കൈകളിൽ നിങ്ങൾ ചെയ്ത ബയ്അത്ത് എന്നെ മസീഹ് മൗഊദ് എന്നും നീതിമാനായ വിധികർത്താവെന്നും വിശ്വസിച്ചിട്ടുണ്ടെങ്കിൽ ഈ വിശ്വാസത്തിനു ശേഷം എന്റെ ഏതെങ്കിലും തീരുമാനത്തിലോ പ്രവർത്തിയിലോ ഹൃദയത്തിൽ എന്തെങ്കിലും ദു:ഖമോ അനിഷ്ടമോ ഉണ്ടാകുന്നുണ്ടെങ്കിൽ തങ്ങളുടെ ഈമാനെ കുറിച്ച് ചിന്താകുലരാവുക. അപകടങ്ങളാലും സംശയങ്ങളാലും നിറഞ്ഞ് കവിഞ്ഞ ഈമാൻ ഒരു ഫലവും തരുന്നതല്ല. എന്നാൽ മസീഹ് മൗഊദ് യഥാർത്ഥത്തിൽ വിധി കർത്താവാണെന്ന് നിങ്ങൾ സത്യഹൃദയത്തോടെ അംഗീകരിച്ചിട്ടുണ്ടെങ്കിൽ, പിന്നീട് അദ്ദേഹത്തിന്റെ കൽപനകൾക്കും കർമ്മത്തിനും മുന്നിൽ ആയുധം ഉപേക്ഷിക്കുക. അദ്ദേഹത്തിന്റെ തീരുമാനങ്ങളെ ബഹുമാനദൃഷ്ടിയോടെ കാണുക. നിങ്ങൾ റസൂൽ തിരുമേനി(സ)യുടെ പരിശുദ്ധവചനങ്ങളെ ബഹുമാനിക്കുന്നവരും ശ്രേഷ്ഠത കൽപ്പിക്കുന്നവരും ആയിതീരുന്നതിനുവേണ്ടി. റസൂൽ തിരുമേനി (സ)യുടെ, അദ്ദേഹം നിങ്ങളുടെ ഇമാമായിരിക്കും നീതിമാനായ വിധികർത്താവായിരിക്കും എന്ന സാക്ഷ്യം മതിയായതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ തീരുമാനങ്ങളെ ബഹുമാനദൃഷ്ടിയോടെ നോക്കിക്കാണുന്നവർ അപ്പോഴായിരിക്കും നാം ആയിത്തീരുക. എപ്പോഴാണോ നാം അദ്ദേഹത്തിന്റെ ഓരോ വാക്കുകളേയും പൂർണ്ണമായ നിലയിൽ പിൻപറ്റാൻ വേണ്ടി പരിശ്രമിക്കുന്നത്. അദ്ദേഹത്തിന്റെ വാക്കുകളും തീരുമാനങ്ങളും ബഹുമാനദൃഷ്ടിയോടെ നോക്കുന്നവർ, അതനുസരിച്ച് പ്രവർത്തിക്കുന്നവർ അദ്ദേഹത്തിന്റെ വാക്കുകളെ മാത്രം ബഹുമാനിക്കുന്നവരല്ല മറിച്ച് റസൂൽ തിരുമേനി (സ)യുടെ വാക്കു

കളെ ബഹുമാനത്തോടും മഹത്വത്തോടും നോക്കിക്കാ ണു ന്നവരാണെന്ന് അവിടുന്ന് വ്യക്തമാക്കുകയുണ്ടായി. റസൂൽ തിരുമേനി (സ) വിവരിച്ച ഓരോ കാര്യവും നമ്മുടെ മുന്നിൽ വെച്ചു തന്ന ആ ഇമാമിനെ വിശ്വസിച്ചിരിക്കുന്നു എന്നത് നമ്മുടെ സൗഭാഗ്യമാണ്. ഞങ്ങൾക്ക് മനസ്സിലാക്കുന്നതിൽ തെറ്റുപറ്റി യെന്ന് ഒരാളും പറയാതിരിക്കുന്നതിനുവേണ്ടി. ഒരു അഹ്മദി ബയ്അത്ത് ചെയ്യുമ്പോൾ തങ്ങളുടെ ഉത്തരവാദിത്വത്തെ എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. ഭൗതീകമായ ആഗ്രഹങ്ങളും ഭൗതീക സ്ഥാനമാനങ്ങളും അദ്ദേഹത്തെ ബയ്അത്തിന്റെ പ്രതിജ്ഞയിൽ നിന്ന് വിദൂരപ്പെടുത്തുന്നു. യഥാർത്ഥത്തിൽ അത്തരം വ്യക്തിയുടെ ബൈഅത്തിന്റെ പ്രതിജ്ഞ, ബയ്അത്തിന്റെ പ്രതിജ്ഞയായിരിക്കുന്നില്ല. ഈ ജലസയുടെ ദിവസങ്ങളിൽ , ഈ കാര്യത്തെ കുറിച്ചും ഓരോ അഹ്മദിയും ആത്മപരിശോധന നടത്തേണ്ടതുണ്ട്.

ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുകയുണ്ടായി. അല്ലാഹു ഈ ജമാഅത്തിനെ സ്ഥാപിച്ചിരിക്കുന്നു. ഇതിന്റെ സത്യസാക്ഷ്യത്തിന്നായി നൂറുകണക്കിന് അടയാളങ്ങൾ അവൻ പ്രകടമാക്കിയിട്ടുണ്ട്. ഇതുമൂലം അവന്റെ ഉദ്ദേശ്യം ഈ ജമാഅത്ത് സഹാബാക്കളുടെ ജമാഅത്തായിരിക്കണം എന്നതാണ്. ഖൈറുൽ ഖുറൂന്റെ കാലഘട്ടം വീണ്ടും വര ണം (അതായത് ആദ്യനൂറ്റാണ്ടുകളിലെ ശ്രേഷ്ഠമായ കാലഘട്ടം വീണ്ടും വരണം). ഈ ജമാഅത്തിൽ പ്രവേശിക്കുന്നവർ അവർ ആഖരീന മിൻഹും എന്നവരിൽ പ്രവേശിക്കുന്നവരാണ്. അതുകൊണ്ട് അവർ തെറ്റായ പ്രവർത്തികളുടെ വസ്ത്രം അഴിച്ച് കളയുകയും തങ്ങളുടെ മുഴുവൻ ശ്രദ്ധയും അല്ലാഹുവിലേക്ക് തിരിക്കുകയും ചെയ്യുക. മസീഹ് മൗഊദിന് ശേഷം സ്ഥായിയായ ഖിലാഫത്തിന്റെ പരമ്പര നിലനിൽക്കും എന്ന് നമുക്ക് അല്ലാഹു സന്തോഷവാർത്ത നൽകിയിട്ടുണ്ടെങ്കിൽ നാം അതിൽ നിന്ന് അനുഗ്രഹം സ്വായത്തമാക്കുന്നതിനായി, ശ്രേഷ്ഠമായ നൂറ്റാണ്ടിലെ കാലഘട്ടം നിലനിർത്തുന്നതി നായുള്ള പരിശ്രമം തുടർന്നുകൊണ്ടേയിരിക്കേണ്ടതാണ്. ഒരു തലമുറക്ക് ശേഷം അടുത്ത തലമുറയിലേക്ക് ഈ ആത്മാവിനെ ആവാഹിക്കേണ്ടതാണ്. നാം നമ്മുടെ ഓരോ വാക്കും പ്രവർത്തിയും അല്ലാഹുവിന്റെ പ്രീതിക്കനുസരിച്ച് വാർത്തെടുക്കണം. അഥവാ അങ്ങനെയല്ല എങ്കിൽ നാം ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിച്ച ആ ഉന്നതമായ കാലഘട്ടം ആഗ്രഹിക്കുന്നവരായിരിക്കുകയില്ല. മറിച്ച് അന്ധകാരകാലഘട്ടത്തിൽ മുങ്ങിപ്പോകുന്നവരായിത്തീരും. അതുകൊണ്ട് പരിശ്രമിക്കേണ്ടതിന്റെ വളരെയധികം ആവശ്യമുണ്ട്.

പിന്നീട് അവിടുന്ന് പറയുന്നു. എന്നിൽ വിശ്വസിക്കുന്നവരുടെ ദൈവസ്മരണയിൽ പ്രത്യേകമായ ഒരു നിറം ഉള്ളതോടൊപ്പം, പരസ്പരമുള്ള സ്നേഹത്തിലും പ്രത്യേകമായ ഒരു നിറമുണ്ടായിരിക്കണം. (ദൈവസ്മരണയിൽ മാത്രം പ്രത്യേക നിറമുണ്ടായാൽ പോരാ, മറിച്ച് പരസ്പരമുള്ള ബന്ധത്തിലും, ജമാഅത്തിനകത്തും സ്നേഹത്തിന്റെ ഒരു പ്രത്യേക വർണ്ണം ഉണ്ടായിരിക്കേണ്ടതാണ്). ഇതാണ് അവിടുന്ന് തന്നെ വിശ്വസിക്കുന്നവരിൽ നിന്ന് പ്രതീക്ഷിക്കുന്നത്. ഈ നിറം ഉണ്ടായിത്തീരുമ്പോൾ നാം ആഖിരീംങ്ങളുടെ ജമാഅത്തായി മാറും, പിന്നീട് ഈ പരസ്പര സ്നേഹം കൂടുതൽ വിശാലമാക്കിക്കൊണ്ട് അവിടുന്ന്, സൃഷ്ടികളോടുള്ള കടമകളിലേക്ക് ശ്രദ്ധ ക്ഷണിക്കുകയുണ്ടായി. അദ്ദേഹം ശ്രദ്ധ ക്ഷണിച്ചത് പ്രകാരം നമ്മിൽ ഓരോരുത്തരും ഈ വിധത്തിൽ ഉത്തരവാദിത്വം നിർവഹിക്കാൻ തുടങ്ങിയാൽ, ഒരു വിപ്ലവം ഏതാനും വർഷങ്ങൾകൊണ്ട് നമുക്ക് ഉണ്ടാക്കിയെടുക്കുവാൻ സാധിക്കും. അദ്ദേഹം പറയുന്നു മനുഷ്യസമൂഹത്തോടുള്ള സഹാനുഭൂതിയെക്കുറിച്ച് എന്റെ മതം ഇതാണ്, ഏതുവരെ ശത്രുക്കൾക്കുവേണ്ടി ദുആ ചെയ്യുന്നില്ലയോ അതുവരെ മനസ്സ് പൂർണ്ണമായും വിശുദ്ധമാവുകയില്ല. നോക്കുക, ഈ ഒരു ചിന്താഗതിയോടെ തങ്ങളുടെ ദുആകളെ വിശാലമാക്കുന്നവർ നമ്മിൽ എത്ര പേരുണ്ട്? ജമാഅത്തിൽ ചില പ്രശ്നങ്ങൾ ഉണ്ടാകുന്നു, അഥവാ, ഈയൊരു ചിന്താഗതിയുണ്ടെങ്കിൽ പ്രശ്നങ്ങൾ ഉണ്ടാവുക തന്നെയില്ല. ഒരു മുഅ്മിൻ, തന്റെ എതിരാളിയും, ശത്രുവും, അവി ശ്വാസിയുമായ വ്യക്തിക്കുവേണ്ടി ദുആ ചെയ്യുന്നുണ്ടെങ്കിൽ തന്റെ സ്വന്തം ആളുകൾക്കുവേണ്ടി ഈ ദുആകളിൽ കൂടുതൽ വർദ്ധനവും ശക്തിയും ഉണ്ടായിരിക്കും.

ഈ വിധത്തിലുള്ള ദുആകൾ ഉണ്ടാകുമ്പോൾ അല്ലാഹുവിന്റെ സ്നേഹത്തിന്റെ കടാക്ഷവും അത്തരത്തിൽ സ്നേഹിക്കുകയും മറ്റുള്ളവരുടെ വികാരവിചാരങ്ങളെ പരിഗണിക്കുകയും ചെയ്യുന്നവരുടെ മേൽ പതിക്കുന്നു. ആരിലാണോ അല്ലാഹുവിന്റെ സ്നേഹത്തിന്റെ കടാക്ഷം പതിയുന്നത്, അയാളുടെ ദീനും ദുനിയാവും മനോഹരമായിത്തീരുന്നു. ആ മഹാത്മാവിന്റെ ഈ പ്രധാന ഉപദേശവും നാം എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. അവിടുന്ന് പറയുകയുണ്ടായി. നിങ്ങളിൽ അല്ലാഹുവിന്റെ വലിയ ഔദാര്യമാണ്, അവൻ നിങ്ങൾക്ക് ശക്തി നൽകുകയും, തിരിച്ചറിയാനുള്ള കണ്ണ് നൽകുകയും ചെയ്തു (അതായത് ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ വിശ്വസിക്കാനും അദ്ദേഹത്തെ സ്വീകരിക്കാനുമുള്ള തൗഫീഖ് നൽകി) പറയുന്നു. അഥവാ അവൻ ഈ അനുഗ്രഹം നൽകിയിരുന്നില്ല എങ്കിൽ മറ്റുള്ളവർ അസഭ്യം വിളിക്കുന്നതുപോലെ നിങ്ങളും വിളിക്കുമായിരുന്നു (അതായത് ജനങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ ചീത്തവിളിക്കുന്നതു പോലെ, അല്ലാഹുവിന്റെ പ്രത്യേകമായ അനുഗ്രഹം നിങ്ങളിൽ ഇല്ല എങ്കിൽ, നിങ്ങളും അവരിൽ ഉൾപ്പെടുമായിരുന്നു) പറയുന്നു, ഏതൊരു കാര്യമാണോ നിങ്ങളെ ആകർഷിച്ചത് അത് കേവലം അല്ലാഹുവിന്റെ അനുഗ്രഹം മാത്രമാണ്.

പറയുന്നു. ഞങ്ങൾ മുസ്ലിംകളാണ് എന്ന് പറഞ്ഞു കൊണ്ട് മാത്രം ഇരിക്കരുത്, ഇസ്ലാം വലിയ ഒരു അനുഗ്രഹമാണ്. അതി നെ വിലമതിക്കുക, നന്ദി കാണിക്കുക. നാമമാത്രമായ മുസ്ലിമാവുകയെന്നതും, അഹ്മദിയാകുകയെന്നതും വലിയ കാര്യമല്ല. യഥാർത്ഥകാര്യം ഇസ്ലാമും അഹ്മദിയ്യത്തും സ്വീകരിച്ചത് മൂലം ഉണ്ടായിട്ടുള്ള അല്ലാഹുവിന്റെ അനുഗ്രഹത്തെ വിലമതിക്കുകയെന്നതാണ്. എങ്ങിനെയാണ് വിലമതിക്കാൻ സാധിക്കുക.

പറയുന്നു: ഇതിനകത്ത് ഫിലോസഫിയുണ്ട്, അത് കേവലം നാവുകൊണ്ട് പറയുന്നത് കൊണ്ട് മാത്രം സ്വായത്തമാവു

കയില്ല. ഇസ്‌ലാം എന്നത് അല്ലാഹുവിന്റെ എല്ലാവിധത്തിലുമുള്ള കൽപനകൾക്കും കീഴിൽ വരുന്നതിന്റെ പേരാണ്. (അതായത് ഇസ്‌ലാം എന്ന് പറഞ്ഞാൽ അല്ലാഹുവിന്റെ എല്ലാവിധത്തിലുമുള്ള കൽപനകൾക്കും കീഴടങ്ങുന്നതിന്റെ പേരാണ്)അതിന്റെ സംക്ഷിപ്തം അല്ലാഹുവിനോടുള്ള സത്യസന്ധവും പരിപൂർണ്ണവുമായ അനുസരണമാണ്. തന്റെ മുഴുവൻ അസ്തിത്വവും അല്ലാഹുവിന്റെ മുന്നിൽ അർപ്പിക്കുന്നവനാണ് മുസ്‌ലിം. ഈ ഒരു അവസ്ഥയിലേക്ക് മുഅ്മിൻ എത്തിച്ചേരുമ്പോൾ പിന്നീട് അവിടുന്ന് വിശുദ്ധ ഖുർആനിലെ ഈ ആയത്ത് ഉദ്ധരിക്കുകയുണ്ടായി. അതിൽ അല്ലാഹു പറയുന്നു.

بَلٰی٭ مَنۡ اَسۡلَمَ وَجۡهَهٗ لِلّٰهِ وَهُوَ مُحۡسِنٌ فَلَهٗۤ اَجۡرُهٗ عِنۡدَ رَبِّهٖ ۪ وَلَا خَوۡفٌ عَلَیۡهِمۡ وَلَا هُمۡ یَحۡزَنُوۡنَ ﴿۱۱۳﴾

അങ്ങനെയല്ല ഏതൊരാൾ സുകൃതം ചെയ്യുന്നവനായിരിക്കെ അല്ലാഹുവിൽ സ്വയം അർപ്പണം ചെയ്യുന്നുവോ അവന് തന്റെ രക്ഷിതാവിന്റെ പക്കൽ അവന്റെ പ്രതിഫലമുണ്ട്. അവർക്ക് ഭാവിയെ ക്കുറിച്ച് യാതൊന്നും ഭയപ്പെടാനില്ല. കഴിഞ്ഞതിനെ കുറിച്ച് അവർ വ്യസനിക്കുന്നതുമല്ല.

തന്റെ മുഴുവൻ ശ്രദ്ധയും അല്ലാഹുവിൽ അർപ്പിക്കുകയും അല്ലാഹുവിന്റെ പ്രീതിക്ക് മറ്റെല്ലാ കാര്യങ്ങളേക്കാളും മുൻഗണന നൽകുകയും ചെയ്താൽ, അവരുടെ ഭയത്തിന്റെയും ദുഖത്തിന്റെയും അവസ്ഥ ദൂരികരിക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്യുന്നു. ഇഹ്സാൻ എന്നതിന്റെ അർത്ഥം മറ്റുള്ളവരോട് നന്മയോടു കൂടി പെരുമാറുകയെന്നാണ്. അതായത് യാതൊരുവിധ വ്യക്തിഗത താത്പര്യവുമില്ലാത്ത പെരുമാറ്റം. തന്റെ പ്രവർത്തിയിലും അറിവിലും നന്മ മാത്രം കംക്ഷിക്കുകയെന്നതും മറ്റൊരു അർത്ഥമാണ്. അതായത് ഒരു മനുഷ്യന്റെ എല്ലാ കർമ്മത്തിന്റെയും അവന്റെ അറിവിന്റെയും ഉപയോഗം നല്ല കാര്യങ്ങൾക്ക് വേണ്ടിയായിരിക്കുക. ഒരു വിധത്തിലും അതിൽ തിന്മ പ്രവേശിക്കാൻ പാടില്ല. ഈ അവസ്ഥ തന്നെയാണ് യഥാർത്ഥത്തിൽ അല്ലാഹുവിലേക്ക് ശ്രദ്ധയുള്ള അവസ്ഥ. ഈ സ്ഥാനമാണ് ഓരോ അഹ്മദിയും കരസ്ഥമാക്കുന്നതിനായി പരിശ്രമിക്കേണ്ടത്. ഹ. മസീഹ് മൗഊദ്(അ) പറയുന്നു: ഈ അവസ്ഥയായിരിക്കും നമ്മെ യഥാർത്ഥത്തിലുള്ള മുസ്‌ലിമാക്കുക. നാം നമ്മെ ബയ്അത്തിൽ ഉൾപ്പെടുത്തിയതിനു ശേഷം ഞങ്ങൾ അഹ്മദിയായി എന്നതിൽ മാത്രം സന്തോഷിക്കുകയും അതിൽ മാത്രം ഒതുങ്ങുകയും ചെയ്യാൻ പാടുള്ളതല്ല. മറിച്ച് നമ്മുടെ നിലവാരം ഉയർത്തുന്നതിനായി പരിശ്രമിച്ചുകൊണ്ടേയിരിക്കേണ്ടതാണ്.

ബയ്അത്ത് ചെയ്യുന്നവരുടെ സൗഭാഗ്യത്തെ കുറിച്ച് അവിടുന്ന് പറയുന്നു: ഞാൻ സത്യമായും പറയുന്നു. ഈ ഒരു പരിപാടി അല്ലാഹു സൗഭാഗ്യവാന്മാർക്കായി ഉണ്ടാക്കിയിട്ടുള്ളതാണ്. (അതായത് അഹ്മദിയ്യത്തിൽ പ്രവേശിക്കുന്നവർ) ഇതിൽ നിന്ന് പ്രയോജനം നേടുന്നവനാണ് അനുഗൃഹീതൻ. എന്നോട് ബന്ധം സ്ഥാപിച്ചിട്ടുള്ള നിങ്ങൾ ഏതോന്നാണോ നേടേണ്ടിയിരുന്നത് അത് നേടി എന്ന കാര്യത്തിൽ ഒരിക്കലും ഒരിക്കലും അഹങ്കരിക്കരുത്. തങ്ങളുടെ ശക്തമായ നിഷേധം കൊണ്ടും ആക്ഷേപം കൊണ്ടും അല്ലാഹുവിനെ കോപാകുലനാക്കിയ ഈ നിഷേധികളെ സംബന്ധിച്ചിടത്തോളം നിങ്ങൾ സൗഭാഗ്യത്തിന്റെ സമീപത്താണ് എന്നത് ശരി തന്നെ. നിങ്ങൾ നല്ല ധാരണയെ പ്രവൃത്തി പദത്തിൽ കൊണ്ട് വന്ന് അല്ലാഹുവിന്റെ കോപത്തിൽ നിന്നും നിങ്ങളെ രക്ഷിക്കുന്നതിനെ കുറിച്ച് ചിന്തിച്ചു എന്നതും ശരി തന്നെ. എന്നാൽ സത്യം ഇതാണ്, നിങ്ങൾ സ്ഥായിയായ ജീവിതത്തിനായി ഇപ്പോൾ അല്ലാഹു നിർമ്മിച്ച ഈ നീരുറവയുടെ അടുത്ത് എത്തിയിരിക്കുന്നു. അതെ വെള്ളം പാനം ചെയ്യുകയെന്നത് ബാക്കിയാണ്, അതുകൊണ്ട് അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും കൊണ്ട് അവൻ നിങ്ങളുടെ വയറുനിറയെ കുടിപ്പിക്കുന്നതിനു വേണ്ടി തൗഫീഖ് ആഗ്രഹിക്കുക. കാരണം അല്ലാഹുവിനെ കൂടാതെ ഒന്നും തന്നെ സാധ്യമല്ല (അല്ലാഹു ആഗ്രഹിക്കാതെ ഒന്നും തന്നെ സാധിക്കുകയില്ല. നിനക്ക് വെള്ളം കുടിക്കാൻ സാധിക്കുകയില്ല. നിങ്ങൾ അഹ്മദിയ്യത്തിൽ പ്രവേശിച്ച് അതിൽ നിന്ന് പ്രയോജനം ഉൾക്കൊള്ളാൻ സാധിക്കുകയില്ല) എനിക്ക് ഉറപ്പായും അറിയാം, ആരാണോ ഈ നിരുറവയിൽ നിന്നും കുടിക്കുന്നത് അവർ നശിക്കുകയില്ല. കാരണം ഈ വെള്ളം ജീവദായകമാണ്, നാശത്തിൽ നിന്ന് രക്ഷപ്പെടുത്തുന്നതാണ്, പിശാചിന്റെ ആക്രമണങ്ങളിൽ നിന്ന് രക്ഷിക്കുന്നതാണ്. ഈ നീരുറവയിൽ നിന്ന് വയറുനിറയെ കുടിക്കാനുള്ള മാർഗ്ഗമെന്താണ്. അല്ലാഹു നിങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന രണ്ട് ഉത്തരവാദിത്തങ്ങൾ നിറവേറ്റുക. പൂർണ്ണമായ നിലയിൽ നിറവേറ്റുക. അതിൽ ഒന്ന് അല്ലാഹുവിനോടുള്ള കടമയാണ്, മറ്റൊന്ന് സൃഷ്ടികളോടുള്ളതാണ്. ഇതാണ് ആ അവസ്ഥയും സ്ഥാനവും. ഇത് നമ്മിൽ ഓരോരുത്തരും തങ്ങളിൽ ജനിപ്പിക്കേണ്ടതിന്റെയും സ്വാംശീകരിക്കേണ്ടതിന്റെയും ആവശ്യകതയുണ്ട്. ഇതും നമ്മിൽ ഹ.മസീഹ് മൗഊദ്(അ)ന്റെ വളരെ വലിയ ഔദാര്യമാണ്. കടമകളുടെ നിലവാരത്തിന്റെ സ്വായത്തമാക്കുന്നതിനായി ജലസയുടെ രൂപത്തിൽ ഒരു പരിപാടി തയ്യാറാക്കി, ഇവിടെ നാം നല്ല കാര്യങ്ങൾ കേട്ട് പരസ്പരം നന്മകൾ സ്വാംശീകരിച്ച് അദ്ദേഹം നമ്മിൽ കാണാൻ ആഗ്രഹിക്കുന്ന നിലവാരങ്ങൾ സ്വായത്തമാ ക്കുന്നതിലേക്കായി ശ്രദ്ധിക്കുന്നു.

മറ്റൊരു പ്രധാനപ്പെട്ട കാര്യത്തിലേക്ക് അവിടുന്ന് ശ്രദ്ധക്ഷണിച്ചിട്ടുണ്ട്. ഓരോ അഹ്മദിയും ഇതിലേക്ക് വളരെ അധികം ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. അത് തങ്ങളുടെ വൈജ്ഞാനിക അവസ്ഥ അഭിവൃദ്ധിപ്പെടുത്തുകയെന്നതാണ്. ഇന്നത്തെ സമൂഹത്തിൽ ഭൗതികവിജ്ഞാനത്തിലേക്ക് വളരെ അധികം ശ്രദ്ധയുണ്ട്. എന്നാൽ ദീൻ പഠിക്കുന്നതിലേക്ക് കുറവും.

അവിടുന്ന് പറയുന്നു: യഥാർത്ഥപരിവർത്തനവും,തഖ്‌വയും, വിശുദ്ധിയും ജനിപ്പിക്കുന്നതിനായി തങ്ങളുടെ ദീനിവിജ്ഞാനവും വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. ഈ ദീനിവിജ്ഞാനം ഇന്ന് നമുക്ക് കേവലം ഹദ്റത്ത് മസീഹ് മൗഊദ് (അ)ൽ നിന്ന് മാത്രമേ ലഭിക്കുകയുള്ളൂ. അവിടുന്ന് തന്റെ ഗ്രന്ഥങ്ങളുടെ എണ്ണമറ്റ നിധി നമുക്കായി ഉപേക്ഷിച്ചിരിക്കുന്നു. അത് അറിവിന്റേയും ആത്മീയജ്ഞാനത്തിന്റെയും

മുത്തുകളാൽ നിറഞ്ഞ് കവിഞ്ഞതാണ്. അത് വായിക്കുന്നതിലേക്കും വളരെ അധികം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഏതെല്ലാം ഗ്രന്ഥങ്ങളാണോ ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യപ്പെട്ടിട്ടുള്ളത് ഉറുദു അറിയാത്തവർ അത് ഇംഗ്ലീഷിൽ വായിക്കുന്നതിലേക്ക് ശ്രദ്ധിക്കുക. നാല് അഞ്ച് വാല്യങ്ങളിലായി ഏതാനും ഉദ്ധരണികൾ പ്രസിദ്ധീകൃതമായിട്ടുണ്ട്. അത് വായിക്കുന്നതിലേക്ക് ശ്രദ്ധിക്കുക. ഉറുദു വായിക്കാൻ അറിയുന്നവർ അത് ഉറുദുവിൽ വായിക്കുക. ഇത് നമ്മുടെ അറിവും ദൈവികജ്ഞാനവും വർദ്ധിപ്പിക്കുന്നതിനുള്ള ഒരു വലിയ മാർഗ്ഗമാണ്. കാരണം അദ്ദേഹം വിവരിച്ചതെല്ലാം തന്നെ വിശുദ്ധഖുർആന്റെ വ്യാഖ്യാനമാണ്, ഈ കാലഘട്ടത്തിൽ അല്ലാഹു വിശുദ്ധഖുർആന്റെ ഗ്രാഹ്യം ഏറ്റവും കൂടുതലായി ആ മഹാത്മാവിനാണ് നൽകിയിരിക്കുന്നത്.

വിശുദ്ധഖുർആൻ വളരെയധികം പാരായണം ചെയ്യുന്നതിനെ കുറിച്ച് അവിടുന്ന് പറഞ്ഞു. അല്ലാഹു തന്റെ അനുഗ്രഹം കൊണ്ട് നമുക്ക് വ്യക്തമാക്കി തന്നിരിക്കുന്നു, വിശുദ്ധ ഖുർആൻ ഒരു ജീവനുള്ള പ്രകാശപൂരിതമായ ഗ്രന്ഥമാണ്. പറയുന്നു: ഞാനുമായ ബന്ധം സ്ഥാപിച്ചിരിക്കുന്നവരോട് ഞാൻ വീണ്ടും വീണ്ടും ഉപദേശിക്കുന്നു, അല്ലാഹു ഈ ജമാഅത്തിനെ യാഥാർത്ഥ്യം വെളിപ്പെടുത്തുന്നതിനായിട്ടാണ് സ്ഥാപിച്ചിരിക്കുന്നത്. കാരണം ഇതു കൂടാതെ കർമ്മജീവിതത്തിൽ ഒരു പ്രകാശവും ഉണ്ടാവുന്നതല്ല. (യാഥാർത്ഥ്യം വിശുദ്ധഖുർആന്റെ അറിവ് ഉണ്ടാകുന്നതിലൂടെയാണ് വെളിപ്പെടുന്നത്. അതുകൂടാതെ ജീവിതത്തിൽ ഒരു പ്രകാശവും ഉണ്ടാവുന്നതല്ല. ദീനിവിജ്ഞാനം കരഗതമാകുന്നതല്ല)

പറയുന്നു: അല്ലാഹു എന്നെ ഈ പ്രവർത്തിക്കായി നിയോഗിച്ചത് പോലെ ഞാൻ കർമ്മപരമായ സത്യത്തിലൂടെ ഇസ്ലാമിന്റെ മഹത്വം ലോകത്ത് പ്രകടമാകണമെന്ന് ആഗ്രഹിക്കുന്നു. അതുകൊണ്ട് വിശുദ്ധഖുർആൻ വളരെ അധികം പാരായണം ചെയ്യുക. എന്നാൽ കേവലം കഥകളെന്ന രൂപത്തിലല്ല മറിച്ച് ഒരു തത്വശാസ്ത്രം എന്ന് മനസ്സിലാക്കി കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ നിയോഗ ഉദ്ദേശത്തിന്റെ ഈ സുപ്രധാന ജോലിക്കൊപ്പം തന്നെ വിശ്വസിക്കുന്നവരേയും ഈ കാര്യത്തിലേക്ക് ശ്രദ്ധ തിരിച്ചിട്ടുണ്ട്. അതുകൊണ്ട് നാം വിശുദ്ധഖുർആനെ മനസിലാക്കുകയും പാരായണം ചെയ്യുകയും, ഇതിന്റെ മഹത്വമുറ്റ പ്രത്യേകതകൾ ഈ ജനങ്ങളിലേക്ക് എത്തിക്കുകയെന്നതും നമ്മുടെ ജോലിയാണ്. ഈ കാലത്ത് നമ്മുടെ പക്കലുള്ള തബ്ലീഗിന്റെ ഏറ്റവും വലിയ ആയുധം വിശുദ്ധഖുർആൻ ആണ്, മുസ്ലിംകൾക്ക് എതിരിലും ഖുർആന് എതിരിലും കാര്യങ്ങൾ പറയുന്നു, അപ്പോൾ ഞങ്ങൾ എങ്ങനെയാണ് ഈ ആയുധം ഉപയോഗിക്കുക എന്നിങ്ങനെയുള്ള എതെങ്കിലും വിധത്തിലുള്ള അപകർഷതാബോധത്തിലോ കൊംപ്ലക്സിലോ യുവാക്കൾക്കോ മറ്റുള്ളവർക്കോ ആകേണ്ടതിന്റെ ആവശ്യമില്ല.

ഈ ആയുധം തന്നെയാണ് മുഴുവൻ മതങ്ങളുടെ മേലും വിജയം വരിക്കുന്നതിനുള്ള ആയുധം, ഇത് നാം പഠിക്കേണ്ടതാണ്, മുന്നോട്ട് എത്തിക്കേണ്ടതുമാണ്. ഇത് പഠിക്കുകയും മനസ്സിലാക്കുകയും ഇത് മുഖേന ആരോപണങ്ങൾ ഉന്നയിക്കുന്നവരുടെ വായടപ്പിക്കുകയെന്നതും നമ്മുടെ ഉത്തരവാദിത്വങ്ങളാണ്.

ഇവിടെ ഈ ദിവസങ്ങളിൽ വിശുദ്ധഖുർആനെതിരിലും റസൂൽതിരുമേനി(സ)ക്ക് എതിരിലും നീചമായ ആരോപണങ്ങൾ ഉന്നയിച്ച് കൊണ്ടിരിക്കുന്നു. അവയെ ദൂരീകരിക്കേണ്ടത് ഇന്ന് നമ്മുടെ ഉത്തരവാദിത്വമാണ്. ഇത് കേവലം ഏതാനും ചിലരുടെ ജോലിയല്ല. ഖുദ്ദാമുൽ അഹ്മദിയ്യായുടെയോ, ഏതാനും മറ്റു ചിലരിലൂടേയോ, മജ്ലിസ് അൻസാർ സുൽത്താനുൽ ഖലം സ്ഥാപിതമായാൽ അവരുടെയോ ജോലി മാത്രമല്ല. മറിച്ച് നമ്മിൽ ഓരോരുത്തരും ഇസ്ലാമിന്റെ യഥാർത്ഥ സന്ദേശം എത്തിക്കുന്ന വരിൽ ഉൾപെടുന്നതിനു വേണ്ടി ഓരോ അഹ്മദി കുട്ടികളും വലിയവരും സ്ത്രീകളും പുരുഷന്മാരും ഇതിലേക്ക് ശ്രദ്ധിക്കേണ്ടതുണ്ട്. അവിടുന്ന് പറയുന്നു ഈ ജമാഅത്തിൽ പ്രവേശിച്ചത് കൊണ്ട് നിങ്ങളുടെ അസ്ത്വിത്വം വ്യത്യസ്തമായിരിക്കണം. നിങ്ങൾ പൂർണ്ണമായും മറ്റൊരു ജീവിതം നയിക്കുന്ന മനുഷ്യരാവുക, നിങ്ങൾ മുമ്പുള്ളതു പോലെ തന്നെ ആകാതിരിക്കുക. അല്ലാഹുവിന്റെ മാർഗത്തിൽ മാറ്റം വരുത്തുന്നത് കൊണ്ട് നിങ്ങൾ ആവശ്യക്കാരായി തീരും എന്ന് ധരിക്കരുത്. അതല്ലെങ്കിൽ നിങ്ങൾക്ക് ഒരുപാട് ശത്രുക്കൾ ഉണ്ടാകും എന്ന് ധരിക്കരുത്, **അല്ല അല്ലാഹുവിന്റെ കോന്തല പിടിക്കുന്നവൻ ഒരിക്കലും ആവശ്യക്കാരനാവുകയില്ല. അവനിൽ ഒരിക്കലും മോശം ദിവസങ്ങൾ വരുന്നതല്ല. അല്ലാഹു ആരുടെ സുഹൃത്തും സഹായിയുമാണോ, മുഴുവൻ ലോകവും അവന്റെ ശത്രുവായാൽ പോലും യാതൊന്നും ഗൗനിക്കേണ്ടതില്ല. വിശ്വാസി ബുദ്ധിമുട്ടിൽ അകപെട്ടാൽ അവന് ഒരു ദുഖവും ഉണ്ടാവുകയില്ല.** (അതായത് ബുദ്ധിമുട്ടുകൾ അല്ലാഹുവിന് വേണ്ടിയാണെങ്കിൽ അത് അവൻ അനുഭവിക്കുക തന്നെയില്ല) മറിച്ച് ആ ദിവസങ്ങളിൽ അവനെ സംബന്ധിച്ച് സ്വർഗീയദിനങ്ങളായിരിക്കും. അല്ലാഹുവിന്റെ മാലാഖമാർ മാതാവിനെ പോലെ അവനെ മടിത്തട്ടിലെടുക്കുന്നതാണ് (ആ ബുദ്ധിമുട്ടിന്റെ ദിവസങ്ങളിൽ അല്ലാഹുവിനോട് പ്രത്യേകമായ ഒരു ബന്ധം ഉണ്ടായിത്തീരുന്നു, ആ ബന്ധം കാരണം അല്ലാഹു മലക്കുകൾക്ക് കൽപന നൽകുന്നു. അത്തരം ആളുകളെ തങ്ങളുടെ മടിത്തട്ടിലെടുക്കുക. ഈ ഏതാനും കാര്യങ്ങൾ ഹ. മസീഹ് മൗഊദ് (അ) ഇടക്കിടക്ക് നമ്മോട് വിവരിച്ച ഉപദേശങ്ങളാണ് ഞാൻ വിവരിച്ചത്. ഇത് അനുസരിച്ച് പ്രവർത്തിക്കാൻ നാം പരിശ്രമിക്കേണ്ടതാണ്. നമ്മുടെ ജീവിതത്തിൽ അത്തരത്തിലുള്ള ഒരു മാറ്റം ഉണ്ടാക്കിയെടുക്കുക. അത് അല്ലാഹുവിന്റെ പ്രീതിയെ സ്വായത്തമാക്കുന്നതായിരിക്കണം. ഞാൻ പറഞ്ഞതുപോലെ, ഈ ജലസ നമ്മുടെ കർമ്മപരവും ആത്മീയപരവും ദീനിപരവും വൈജ്ഞാനികപരവുമായ അവസ്ഥകളിൽ മാറ്റം ഉണ്ടാകുന്നതിന്ന് വേണ്ടിയാണ് സംഘടിപ്പിക്കുന്നത്. ജലസയുടെ ഈ ദിവസങ്ങളിൽ ജലസയുടെ അന്തരീക്ഷത്തിൽ നിന്നും, ഇവിടെ നടത്തപ്പെടുന്ന പ്രസംഗങ്ങളിൽ നിന്നും പൂർണ്ണമായും പ്രയോജനം ഉൾകൊള്ളാൻ വേണ്ടി പരിശ്രമിക്കുക. ഓരോരുത്തരും തങ്ങളുടെ അവസ്ഥകളെ പരിശോധിക്കുക. നാം ഹദ്റത്ത് മസീഹ് മൗഊദ് (സ) നമ്മിൽ നിന്ന് ആഗ്ര

ഹിക്കുന്ന നിലവാരം സ്വായത്തമാക്കുന്നുണ്ടോ? അപ്പോഴാ യിരിക്കും നാം ജലസയിൽ പങ്കെടുക്കുന്നതിന്റെ യഥാർത്ഥ പ്രയോജനം എടുക്കുക. അതിന്റെ അനുഗ്രഹങ്ങൾ കൊണ്ട് അനുഗ്രഹീതരാവുക. അല്ലെങ്കിൽ ഇതും ഭൗതീക മേളകളെ പ്പോലെ ഒരു മേള മാത്രമായിരിക്കും. അല്ലാഹു നമു ക്കെല്ലാ വർക്കും ഈ ലക്ഷ്യപ്രാപ്തിക്കുള്ള തൗഫീഖ് നൽകുമാറാ കട്ടെ. സംഘാടനവുമായി ബന്ധപ്പെട്ട ഒരു കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുന്നു. പങ്കെടുക്കുന്ന ഓരോരുത്തരും തങ്ങളുടെ ചുറ്റുപാടുകൾ നിരിക്ഷിക്കേണ്ടതാണ്. ഇത് ജലസയുടെ അന്തരീക്ഷത്തിന്റെ സുരക്ഷിതത്വത്തിനും നിങ്ങളുടെ സുരക്ഷിതത്വത്തിനും അനിവാര്യമാണ്. ഉദ്യോ ഗസ്ഥരെ സംബന്ധിച്ച് ഈ നിർദ്ദേശം പ്രത്യേകം ഓർക്കുക. ഡ്യൂട്ടിക്കിടയിൽ ചിലർ നമസ് കാരത്തിലേക്ക് ശ്രദ്ധിക്കാറില്ല. നമസ്കാരത്തിന്റെ അനുഷ്ഠാനത്തിന് സംവിധാനം ഉണ്ടാ വേണ്ടതാണ്. അവരുടെ ഇൻ ചാർജ്മാർ ഈ കാര്യത്തിലേക്ക് ശ്രദ്ധിക്കുക, അതുപോലെതന്നെ ജലസക്കിടയിൽ എല്ലാ സഹോദരങ്ങളും ദൈവസ്മരണയിലേക്ക് ശ്രദ്ധിക്കുക. ഇതുതന്നെയാണ് ജലസയുടെ ഒരു വലിയ ലക്ഷ്യം. അല്ലാഹു എല്ലാവർക്കും ഇതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

**PRINTED BOOKS**

**To**

**From**
**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 June 29 at : **Jalsa Gah,Harrisburg,USA**
Translation: C.P. Sulthan Naseer Mob: 09544274240

Typing: Semiyya Sulthana
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**